Talented Bankers Literary Panel
പുസ്തകപരിചയം 210

പുസ്തകം പരിചയപ്പെടുത്തുന്നത്,
ആശിഷ് ബെൻ അജയ്
ബാങ്ക് ഓഫ് ഇന്ത്യ,
കാവനാട് ശാഖ.

ഡോയൽ ജൂനിയറിന്റെ അലക്സി കഥകൾ 📙
രഞ്ജു കിളിമാനൂർ ✍️

ഫേസ്ബുക്കിലെ പുസ്തക കൂട്ടായ്മകളിലൊന്നിൽ വന്നൊരു ആസ്വാദന കുറിപ്പിലൂടെയാണ് ഞാൻ ഈ പുസ്തകത്തെ കുറിച്ച് ആദ്യമറിയുന്നത്. ആ തലക്കെട്ട് തന്നെയാണ് എന്നെ ഈ പുസ്തകത്തിലേക്ക് ആകർഷിച്ചതും. വാങ്ങാൻ നോക്കിയപ്പോൾ ആമസോണിൽ ഡെലിവറി ഇഷ്യൂ. ലോക്ക്ഡൌൺ കഴിഞ്ഞ് വാങ്ങാം എന്നുറപ്പിച്ചു.

പിന്നീട് കുറേ ദിവസങ്ങൾക്കു ശേഷമാണ് ഇതേ പുസ്തകത്തിനെ കുറിച്ച് മറ്റൊരു കുറിപ്പ് ശ്രദ്ധയിൽപ്പെടുന്നത്. വായിച്ചപ്പോൾ ഏറെ അത്ഭുതം തോന്നി. കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ തന്നെ ആയിരം പുസ്തകങ്ങളടങ്ങിയ ഒന്നാം പതിപ്പ് വിറ്റഴിഞ്ഞിരിക്കുന്നു. അതും ഒറ്റയ്ക്ക്, ഒരു പ്രസാധകരുടെയും പിൻബലമില്ലാതെ തന്നെ. എഴുതിയതും എഡിറ്റിങ്ങും പ്രിൻ്റിങ്ങും ഡിസ്ട്രിബ്യൂഷനും വില്പനയും എല്ലാം ഒറ്റയ്ക്ക്. ഫേസ്ബുക്കിൽ നിന്ന് ആളെ തപ്പിയെടുത്ത് നേരിട്ട് വിളിച്ച് ഞാൻ ബുക്കിന് ഓർഡർ കൊടുത്തു. ഇത്തരത്തിൽ വളർന്നു വരുന്നവരെ നമ്മൾ അല്ലേ പ്രോത്സാഹിപ്പിക്കേണ്ടത്.

ആള് കെ.എസ്.ആർ.ടി.സിയിൽ കണ്ടക്ടറാണ്. തിരുവനന്തപുരമാണ് സ്വദേശം. ഏതായാലും ചില്ലറക്കാരനല്ല കക്ഷി. ഇത് ആദ്യ പുസ്തകമാണെങ്കിലും ഇതിനോടകം തന്നെ ഒരുപാട് ചെറുകഥകൾ പ്രതിലിപിയിൽ എഴുതി, അതു വഴി ഏഴായിരത്തിൽപരം വായനക്കാരുടെ സപ്പോർട്ട് ഉള്ള ഒരു ന്യൂജെൻ എഴുത്തുകാരനാണ് അദ്ദേഹം. അല്പനേരത്തെ സംഭാഷണത്തിലുടനീളം, സൗമ്യമായ സമീപനം കൊണ്ട് അയാൾ എന്റെ ഹൃദയം കീഴടക്കി. എന്നെ വീണ്ടും അത്ഭുതപ്പെടുത്തി കൊണ്ട് പുസ്തകം രണ്ട് ദിവസം കൊണ്ട് എന്റെ കൈകളിലുമെത്തി. കഥാകൃത്തിന്റെ കയ്യൊപ്പോടു കൂടിയ പുസ്തകം. നല്ല മഴയുള്ളൊരു രാത്രി ഞാൻ പതിയെ വായനയിലേയ്ക്ക് കടന്നു.

ആദ്യം തന്നെ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഈ പുസ്തകത്തിന്റെ ഒരു റിവ്യൂ വായിച്ചപ്പോൾ അതിനു ചുവട്ടിലായി ഞാൻ കണ്ട ചില കമെന്റുകളുണ്ട്. ചവറു പുസ്തകമാണ്, ഇന്നലെ പെയ്ത മഴയിൽ മുളച്ചതാണ്, ഇതൊന്നും അധിക കാലത്തേയ്ക്ക് ഉണ്ടാകില്ല, പൈങ്കിളി സാഹിത്യമാണ്

എന്നൊക്കെ. എനിക്ക് അവരോട് ഒന്നേ പറയാനുള്ളൂ. വായിച്ചു നോക്കൂ.. എന്നിട്ട് അഭിപ്രായം പറയൂ.
Don't read a book with prejudice. Some books may simply leave u with an awe.. ❤️ ഇത് അത്തരത്തിലൊരു പുസ്തകമാണ്..📙

അപസർപ്പക കഥകൾ മലയാളികളെ എന്നും ഹരം കൊള്ളിച്ചിരുന്നു. കോട്ടയം പുഷ്പനാഥിനെയും ബാറ്റൺ ബോസിനെയുമൊക്കെ കുറിച്ച് കേൾക്കാത്ത മലയാളികൾ വളരെ ചുരുക്കമാണ്.
പ്രശസ്തനായ എഴുത്തുകാരൻ ആർതർ കോനാൻ ഡോയലിന്റെ ഷെർലക്ക് ഹോംസ് കഥകളുടേതിനു സമാനമായ രീതിയിലാണ് ഇതിലെ കഥകൾ രചിച്ചിരിക്കുന്നത്. ഷെർലക് ഹോംസ് കഥകളിൽ ഹോംസിന്റെ ചങ്ങാതിയായ ഡോക്ടർ വാട്സൺ, ഹോംസിന്റെ കുറ്റാന്വേഷണങ്ങൾ വിശദീകരിക്കുന്ന രീതിയിലാണ് കഥകൾ മുന്നോട്ടു പോകുന്നത്. സമാനമായ രീതി തന്നെയാണ് ഇവിടെ നമ്മുടെ കഥാകൃത്തും അവലംബിച്ചിരിക്കുന്നത്. അലക്സി എന്ന പ്രൈവറ്റ് ഡിറ്റക്ടീവ് കേരളത്തിൽ അങ്ങിങ്ങായി നടത്തുന്ന കേസന്വേഷണങ്ങൾ, സുഹൃത്തായ ജോൺ തന്റെ വാക്കുകളിലൂടെ വിശദീകരിക്കുന്ന രീതിയിലാണ് രഞ്ജുവിന്റെ കഥകൾ.

വളരെ മികച്ച രീതിയിൽ എഴുതപ്പെട്ടിരിക്കുന്ന 5 കുറ്റാന്വേഷണ കഥകളുടെ സമാഹാരമാണീ പുസ്തകം. മൂന്ന് ചിത്രങ്ങളുടെ രഹസ്യം,13ബിയിലെ കൊലപാതകങ്ങൾ, മൂന്നാമത്തെ തുന്നിക്കെട്ട്, എഡ്വിൻ സെബാസ്റ്റ്യന്റെ മാജിക് പ്ലാനറ്റ്, സെൻറ് ജോൺസ് ചർച്ചിലെ കോൺവെൻറ് റൂം എന്നിവയാണവ. ഇതിൽ ആദ്യത്തെ കഥയായ മൂന്ന് ചിത്രങ്ങളുടെ രഹസ്യമാണ് കൂട്ടത്തിൽ എന്നെ ഏറെ ത്രസിപ്പിച്ച കഥ. വ്യത്യസ്തങ്ങളായ മൂന്നു ചിത്രങ്ങൾക്ക് പിന്നിലെ നിഗൂഢതകൾ അന്വേഷിച്ചിറങ്ങുന്ന അലക്സിയുടെ അന്വേഷണം, അവസാനം ചെന്നെത്തുന്നത് 13 വർഷങ്ങളുടെ ഇടവേളകളിൽ അതിസമർഥമായി മൂന്ന് കൊലപാതകങ്ങൾ നടപ്പിലാക്കിയ കൊലപാതകിയിലേക്കാണ്. വായനക്കാരെ മുൾമുനയിൽ നിർത്തുവാൻ പോന്ന കഥകളാണ് 13 ബി യിലെ കൊലപാതകങ്ങളും മൂന്നാമത്തെ തുന്നികെട്ടും. മലയാളസാഹിത്യത്തിൽ ഈയിടെയായി അനവധി ത്രില്ലറുകൾ പ്രത്യക്ഷപ്പെടുന്നുണ്ട്. അവയിൽ നിന്നെല്ലാം രഞ്ജുവിന്റെ ഈ കഥകൾ വേറിട്ടു നിൽക്കുന്നു. ഓരോ കഥകളും ഫ്രഷ് ആണ്. എല്ലാത്തിലും ഒരു പുതുമയുണ്ട്. ചിലതിൽ കൊലപാതകം നടക്കുന്ന രീതി, ചിലതിൽ അത് കണ്ടെത്തുന്ന രീതി. ഓരോന്നിലെയും ശാസ്ത്രീയ വശങ്ങൾ വ്യത്യസ്തമാക്കുന്നതിനു വേണ്ടി കഥാകൃത്ത് വളരെയധികം റിസർച്ച് നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാണ്. ഇതിലെ വരികൾ വായിക്കുമ്പോൾ ഒരിക്കൽ പോലും മുൻപ് കേട്ട് മറന്ന കഥകൾ നമ്മുടെ മനസ്സിൽ വരില്ല. പതിവ് ക്ളീഷേ സംഭാഷണങ്ങൾ ഇല്ല. ഇതിലെ നാലാമത്തെ കഥയിൽ ചരിത്രവും നിധിവേട്ടയും മാജിക്കും പ്രതികാരവുമെല്ലാം ഇടകലർത്തിയാണ് കഥ മുന്നേറുന്നത്. ഏറെ പണിപ്പെട്ട് കഥയുടെ

അവസാനം അലക്സി കുറ്റവാളിയെ പിടിക്കുന്നെങ്കിലും, ഇതിൽ എഴുത്തുകാരൻ കഥയ്ക്ക് ഒരു abrupt end കൊടുത്തത് പോലെ എനിക്ക് തോന്നി. എന്നിരുന്നാലും ഒരു വിധത്തിലുള്ള ലോജിക്കൽ ലൂപ്ഹോൾസും അവശേഷിപ്പിക്കാതെ തന്നെയാണ് രഞ്ജു കിളിമാനൂർ ഈ കഥ അവതരിപ്പിച്ചിരിക്കുന്നത്.
വായനക്കാരനെ ഭീതിജനകമായ ഒരു അവസ്ഥയിലേക്ക് കൊണ്ടെത്തിക്കുന്ന കഥാപശ്ചാത്തലം ആണ് സെൻറ് ജോൺസ് ചർച്ച് കോൺവെൻറ് റൂമിന് അവകാശപ്പെടാനുള്ളത്.

എഴുത്തിലെ ചില തെക്കൻ ഭാഷാപ്രയോഗങ്ങളും ചെറിയ ചില പാകപിഴകളുമൊഴിച്ചാൽ ഒന്നിനൊന്നു മികച്ചതാണ് ഇതിലെ ഓരോ കഥകളും എന്ന് നിസ്സംശയം പറയുവാൻ സാധിക്കും. എടുത്ത് പറയേണ്ട ഒരു വസ്തുത, രചയിതാവിന്റെ മികച്ച ആഖ്യാനശൈലിയാണ്. പുസ്തകം കയ്യിലെടുത്തു വായിച്ചു തുടങ്ങിയാൽ പിന്നത്തേക്ക് മാറ്റി വയ്ക്കാൻ സാധിക്കാത്ത വിധത്തിൽ ഒറ്റയിരിപ്പിന് മുഴുവനും വായിച്ചു തീർക്കാൻ പാകത്തിലാണ് കഥകൾ ഓരോന്നും രചിക്കപ്പെട്ടിരിക്കുന്നത്. അടുത്തത് എന്താണെന്ന് അറിയുവാനുള്ള ആകാംഷ, ഓരോ വരികൾ കഴിയുന്തോറും വർദ്ധിച്ചുവരുന്നുണ്ട്.
ഡോയൽ ജൂനിയർ എന്ന വിശേഷണത്തിനെ അക്ഷരാർത്ഥത്തിൽ സാധൂകരിക്കുന്ന എഴുത്ത് തന്നെയാണ് രഞ്ജുവിന്റേതെന്ന് വായനയുടെ ഒടുവിൽ വായനക്കാരനു തന്നെ ബോധ്യം വരും.. തീർച്ച.. പുസ്തകത്തിന്റെ രണ്ടാം വാല്യം ഉടൻ വരുന്നുണ്ട് എന്നാണ് അറിയുവാൻ സാധിച്ചത്. ഇതിലും മികച്ച കഥകളുടെ ഒരു സമാഹാരം തന്നെയാകട്ടെ അതുമെന്ന് ആശംസിക്കുന്നു. രണ്ടാം പതിപ്പിലെത്തി നിൽക്കുന്ന ഈ പുസ്തകം കൂടുതൽ പേരിലേയ്ക്ക് എത്തിപെടട്ടെ എന്നുമാശംസിക്കുന്നു 🎉

പുസ്തകം ആമസോണിൽ ലഭ്യമാണ്.
വില: Rs.300/-